EMAIL

ഭരണഭാഷ – മാതൃഭാഷ

# ജില്ലാ ഇൻഷ്വറൻസ് ഓഫീസ്

കളക്ടറേറ്റിനു എതിർവശം, അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ : 04872361639
ഇ-മെയിൽ : diotsr.ins@kerala.gov.in
വെബ് : insurance.kerala.gov.in

ജി.ഇ.ഒ/തൃശ്ശൂർ/ഗ്രൂപ്പ്/പി.ബി/ജനറൽ/7423/2014

തീയതി: 16/09/2014
തൃശ്ശൂർ.

പ്രേഷിതൻ,

ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, തൃശ്ശൂർ.

സ്വീകർത്താവ്,

എല്ലാ ഓഫീസ് മേധാവികൾക്കും,

സർ,

വിഷയം- ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി- പുതിയതായി മെമ്പർഷിപ്പ് അനുവദിക്കുന്നതും പ്രീമിയം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച്.

സൂചന - സർക്കാർ ഉത്തരവ് നമ്പർ 381/11/ധന തീയതി 06.09.2011.

............

സൂചനയിലെ ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടെയും, എയ്ഡഡ് സ്കൂൾ, കോളേജ്, പോളിടെക്നിക്കുകൾ എന്നിവയിലെ ജീവനക്കാരുടേയും, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷൻസ്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ജീവനക്കാരുടേയും ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

**01-09-1984-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവരും 01.09.2014-ന് 50 വയസ്സ് തികയാത്തവരും ആയ എല്ലാ ജീവനക്കാരും (പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെ) നിർബന്ധമായും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങൾ ആകേണ്ടതാണ്.**

2011-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രീമിയം നിരക്കുകൾ ഇതോടൊപ്പം പട്ടികയായി അയയ്ക്കുന്നു.

ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം കണക്കാക്കുന്നത് അടിസ്ഥാന ശമ്പളം അനുസരിച്ചല്ല. ശമ്പള സ്കെയിലുകൾ അനുസരിച്ചാണ്.

പദ്ധതിയിൽ നിലവിൽ അംഗങ്ങളായവർക്ക് ശമ്പളത്തോത് അനുസരിച്ച് പ്രീമിയം വർദ്ധിപ്പിക്കുന്നതിന് പ്രായ പരിധി ഇല്ല. എന്നാൽ സെപ്തംബറിൽ 45 വയസ്സ് കഴിയാത്തവർക്ക് നിഷ്കർഷിച്ച വരിസംഖ്യയുടെ ഇരട്ടി വരെ പ്രീമിയം അടക്കാവുന്നതുമാണ്. പ്രീമിയം വർദ്ധിപ്പിക്കേണ്ടത് നിലവിലുള്ള അക്കൗണ്ട് നമ്പറിൽ തന്നെയാണ്. പ്രീമിയം വർദ്ധിപ്പിക്കുന്നതിനായി ഇൻഷ്വറൻസ് വകുപ്പിലേക്ക് പ്രത്യേകം അപേക്ഷകൾ ഒന്നും അയക്കേണ്ടതില്ല. പ്രീമിയം വർദ്ധിപ്പിക്കുന്നതും പുതുതായി അംഗങ്ങളെ ചേർക്കുന്നതും സെപ്തംബർ മാസത്തിലാണ്. പുതുതായി അംഗങ്ങളായവർ സെപ്തംബർ മാസത്തെ ശമ്പളത്തിൽ നിന്നും പ്രീമിയം കിഴിവ് നടത്തിയതിനു ശേഷം ജി.ഐ.എസ് "സി" യിൽ അപേക്ഷ മേലധികാരി വഴി ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ നേരിട്ട് നൽകി ഒക്ടോബർ മാസത്തിൽ തന്നെ അക്കൗണ്ട് നമ്പറും പാസ് ബുക്കും വാങ്ങിക്കേണ്ടതാണ്.

ആയതിനാൽ സെപ്തംബർ മാസത്തെ ശമ്പള ബില്ലുകൾ സമർപ്പിക്കുന്നതിന് മുമ്പായി താങ്കളുടെ കാര്യാലയത്തിലെ അർഹരായ എല്ലാ ജീവനക്കാരും ഈ പദ്ധതിയിൽ അംഗങ്ങളായി വരിസംഖ്യ അടവാക്കുന്നുവെന്ന് ഉറപ്പു വരുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, തൃശ്ശൂർ.

317

GOVERNMENT OF KERALA

# Revised Subscription Rate of Group Insurance Scheme

## with effect from 01/09/2011
## vide G.O.(P) NO.381/11/FIN Dt: 06/09/2011.

| GROUP | SCALE OF PAY | MINIMUM SUBSCRIPTION | MAXIMUM SUBSCRIPTION* |
|---|---|---|---|
| D | 8500-13210 | 150/- | 300/- |
| | 8730-13540 | 150/- | 300/- |
| | 8960-14260 | 150/- | 300/- |
| C | 9190-15780 | 200/- | 400/- |
| | 9940-16580 | 200/- | 400/- |
| | 10480-18300 | 200/- | 400/- |
| | 11620-20240 | 200/- | 400/- |
| | 13210-22360 | 200/- | 400/- |
| | 13900-24040 | 200/- | 400/- |
| | 14620-25280 | 200/- | 400/- |
| | 15380-25900 | 200/- | 400/- |
| | 16180-29130 | 200/- | 400/- |
| | 16980-31360 | 200/- | 400/- |
| B | 18740-33680 | 250/- | 500/- |
| | 19240-34500 | 250/- | 500/- |
| | 20740-36140 | 250/- | 500/- |
| | 21240-37040 | 250/- | 500/- |
| | 22360-37940 | 250/- | 500/- |
| | 24040-38840 | 250/- | 500/- |
| A | 29180-43640 | 300/- | 600/- |
| | 32110-44640 | 300/- | 600/- |
| | 36140-49740 | 300/- | 600/- |
| | 40640-57440 | 300/- | 600/- |
| | 42640-58640 | 300/- | 600/- |
| | 44640-58640 | 300/- | 600/- |
| | 46640-59840 | 300/- | 600/- |
| | 48640-59840 | 300/- | 600/- |

*01.09.2014 ന് 45 വയസ്സ് പൂർത്തിയാകാത്തവർക്ക് നിഷ്കർഷിച്ച വരിസംഖ്യയുടെ ഇരട്ടിവരെ വരിസംഖ്യ അടക്കാവുന്നതാണ്. നിലവിൽ കൂടിയ വരിസംഖ്യ അടച്ചു കൊണ്ടിരിക്കുന്നവർ വരിസംഖ്യയിൽ ഒരു കാരണ വശാലും കുറവു വരുത്തുവാൻ പാടുള്ളതല്ല. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ 10 രൂപയുടെ യൂണിറ്റിന് 10,000/- രൂപ എന്ന നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. അതായാത്, 200 രൂപ വീതം വരിസംഖ്യ അടക്കുന്ന ജീവനക്കാരന് 2,00,000/- രൂപയുടെയും 500 രൂപ വീതം വരിസംഖ്യ അടക്കുന്ന ജീവനക്കാരന് 5,00,000/- രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.